ആൻലിന അജു എന്ന ഒൻപത് വയസുകാരി മുഖ്യമന്ത്രി 'അങ്കിളി'ന് ഒരു കത്തെഴുതി. കത്തിൽ നിറയെ കുഞ്ഞു മനസിലെ ആശങ്കകളും സങ്കടവും ആയിരുന്നു. കൊച്ചി നേവൽ ചിൽഡ്രൻസ് സ്കൂളിൽ നാലാം ക്ലാസ് വിദ്യാർത്ഥിനിയായ ആൻലിന എരൂർ കണിയാമ്പുഴയുടെ തീരത്തു കൂടെയാണ് സ്കൂളിൽ പോയിരുന്നത്. പാറിപ്പറക്കുന്ന പൂമ്പാറ്റകളേയും മീൻ പിടിക്കാൻ ഊഴം കാത്തിരിക്കുന്ന കൊക്കുകളേയും ചെറിയ കിളികളേയും എല്ലാം കൗതുകത്തോടെ കൊച്ചു മിടുക്കി ആസ്വദിക്കുമായിരുന്നു. ഇതിനിടെ പത്രസ്ഥാപനത്തിൽ നിന്നും ചീഫ് ഫോട്ടോഗ്രാഫറായി വിരമിച്ച മുത്തച്ഛൻ ജെയിംസ് ആർപ്പൂക്കര കൊച്ചുമകൾക്ക് കാമറ വാങ്ങിക്കൊടുത്തു. പ്രകൃതിയെ ഏറെ ഇഷ്ടപ്പെടുന്ന കുട്ടി പുഴയും തീരവും എല്ലാം കാമറ കണ്ണിൽ ഒപ്പിയെടുത്തു. .

കോവിഡ് കാലത്തിനുശേഷം വീണ്ടും സ്കൂളിൽ പോകാൻ തുടങ്ങിയതാണ് കത്തെഴുതാൻ ആസ്പദമായത്.

കാരണം ഇതിനു മുമ്പ് കണ്ട പുഴയായിരുന്നില്ല ഇപ്പോഴത്തെ കണിയാമ്പുഴ. തീരം മുഴുവൻ പ്ലാസ്റ്റിക്ക് മാലിന്യങ്ങളും അറവുശാലകളിലെ മാലിന്യവും ചപ്പും ചവറും എല്ലാം നിറഞ്ഞ് വൃത്തിഹീനമായിരിക്കുന്നു. പാലത്തിൽ നിന്നും വലിച്ചെറിയുന്ന മാലിന്യങ്ങൾ മഴ പെയ്യുമ്പോൾ പുഴവെള്ളത്തിൽ കലരുന്നു. വീടുകളിൽ നിന്നും ഹോട്ടലുകളിൽ നിന്നുമുള്ള ഭക്ഷണാവശിഷ്ടങ്ങൾ ഉൾപ്പെടെ ആളുകൾ പുഴയിലേക്ക് എറിയുന്നു. മയിലുകളും കിളികളും വരാതായി. കുഞ്ഞു കിളികളും പൂമ്പാറ്റകളും ഇല്ലാതായി. പുഴയുടെ നിറം മാറി, മീനുകൾ ചത്തു പൊങ്ങുന്നു. കുഞ്ഞു മനസിന് ഈ കാഴ്ചകൾ താങ്ങാനായില്ല മലിനമായ പുഴയെ കാമറയിൽ പകർത്തിയ ആൻലിന ഇതിന് പരിഹാരം തേടിയാണ് മുഖ്യമന്ത്രിക്ക് കത്തെഴുതിയത്.

മുഖ്യമന്ത്രിക്ക് നൽകിയ പരാതിയോടൊപ്പം മലിനമാകുന്നതിന് മുമ്പും ശേഷവുമുള്ള പുഴയുടെ ചിത്രങ്ങളും ആൻലിന ചേർത്തുവച്ചു. പുഴയെ രക്ഷിക്കണമെന്നും മാലിന്യ പ്രശ്നത്തിന് പരിഹാരം കാണണമെന്നും കത്തിലൂടെ ആൻലിന മുഖ്യമന്ത്രിയോട് അഭ്യർത്ഥിച്ചു. കോവിഡ് ആയതിനാൽ നേരിട്ട് കാണാൻ സാധിക്കാത്തതു കൊണ്ടാണ് കത്തെഴുതുന്നതെന്നും സാധിക്കുമ്പോൾ നേരിട്ട് പ്രശ്നത്തെക്കുറിച്ച് സംസാരിക്കാൻ അവസരം നൽകണമെന്നും അവൾ എഴുതി. കത്ത് മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുകയും ഉചിതമായ നടപടിയെടുക്കുന്നതിന് ജില്ലാ കളക്ടറെയും ജില്ലയിലെ മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിനെയും ചുമതലപ്പെടുത്തുകയുമായിരുന്നു.

ജില്ലാ കളക്ടർ ജാഫർ മാലിക് കുട്ടിയെ എരൂരിലെ വസതിയിലെത്തി നേരിൽ കണ്ടു. എടുത്ത ഫോട്ടോകൾ കളക്ടറെ കാണിച്ച് ആൻലിന എല്ലാം വിശദീകരിച്ചു. മാലിന്യം നിക്ഷേപിക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി റിപ്പോർട്ട് സമർപ്പിക്കാൻ ഇറിഗേഷൻ വകുപ്പിനെയും തൃപ്പൂണിത്തുറ മുൻസിപ്പൽ സെക്രട്ടറിയേയും കളക്ടർ ചുമതലപ്പെടുത്തി. ആൻലിയയെ എല്ലാവരും മാതൃകയാക്കണമെന്നും നേവൽ സ്കൂളിനെയും മറ്റ് സ്കൂൾ, കോളേജ് വിദ്യാർത്ഥികളെയും പങ്കെടുപ്പിച്ച് ക്യാമ്പയിൻ സംഘടിപ്പിക്കുമെന്നും കളക്ടർ പറഞ്ഞു. മുനിസിപ്പാലിറ്റി, പൊതുജനങ്ങൾ, റെസിഡൻസ് അസോസിയേഷൻ എന്നിവരുടെ സഹകരണത്തോടെ എത്രയും വേഗം നടപടികൾ സ്വീകരിക്കും. കണിയാമ്പുഴയിൽ മാത്രമല്ല ജില്ല മുഴുവൻ ഇത്തരം ക്യാമ്പയിനുകൾ സംഘടിപ്പിക്കുമെന്നും കളക്ടർ പറഞ്ഞു.

ആൻലിനയ്ക്ക് കളക്ടർ ഉപഹാരം നൽകി. 2020 ലെ സംസ്ഥാന സർക്കാരിന്റെ ഉജ്വല ബാല്യം പുരസ്കാര ജേതാവുകൂടിയായ ആൻലിന നാവികസേന ലഫ്. കമാൻഡർ അജു പോളിന്റെയും ആൻ മേരി ജയിംസിന്റെയും മകളാണ്. തൃപ്പൂണിത്തുറ നഗരസഭാ കൗൺസിലർ ബിന്ദു ശൈലേന്ദ്രൻ, നടമ വില്ലേജ് ഓഫീസർ എസ്. അമ്പിളി, ഇറിഗേഷൻ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ടി.സന്ധ്യ, മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെൽ നോഡൽ ഓഫീസർ എൽദോ ജോസഫ്, ശ്രീജി തോമസ് തുടങ്ങിയവരും കളക്ടർക്കൊപ്പം ആൻലിയയെ കാണാനെത്തി.


മാലിന്യം വലിച്ചെറിയരുത്
പുഴയെ മലിനമാക്കരുതേ...
ആൻലിന അജു